## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1127** **12.06.2014-ൽ മറുപടിക്ക്**

### ഹാരിസൺ മലയാളം കമ്പനി കയ്യേറിയ ഭൂമി ഒഴിപ്പിക്കുന്നതിന് നടപടി

**ചോദ്യം:**

ശ്രീ. കെ.രാധാകൃഷ്ണൻ,
ശ്രീ. വി.ചെന്താമരാക്ഷൻ,
ശ്രീ. എസ്.രാജേന്ദ്രൻ,
ശ്രീ. കെ.സുരേഷ് കുറുപ്പ്

(എ) സംസ്ഥാനത്ത് ഹാരിസൺ മലയാളം കമ്പനി കയ്യേറ്റം നടത്തി അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇത് ഏറ്റെടുക്കുന്നതിന് തടസ്സമെന്തെന്ന് വിശദമാക്കാമോ?

(ബി) കോടതി നിർദ്ദേശമുണ്ടായിട്ടും ഹാരിസൺ കൈവശംവച്ചു കൊണ്ടിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

**മറുപടി :**

**ശ്രീ. അടൂർ പ്രകാശ്**
(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) സർക്കാർ നിയോഗിച്ച വിവിധ അന്വേഷണ സമിതികളുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 8 ജില്ലകളിലായി ഏകദേശം 60,000 ഏക്കറിലധികം ഭൂമി M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചുവരുന്നു. പ്രസ്തുത കമ്പനി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല. ബഹു.ഹൈക്കോടതി ഉത്തരവുപ്രകാരം KLC Act - ന്റെ അടിസ്ഥാനത്തിൽ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബഹു.ഹൈക്കോടതി WP(C-14251/2012 -ൽ 28.02.2013 ാം തിയതി നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളാ ഭൂസംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം , പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ സ്ഥല പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ജില്ലകളിലെ 30,000 ഏക്കറോളം ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനായി KLC Act ലെ Section 12 പ്രകാരമുള്ള Form B നോട്ടീസ് കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. കമ്പനി ഫയൽ ചെയ്ത Objections - ന്റെ അടിസ്ഥാനത്തിൽ നിലവിൽ കമ്പനിയെ കേൾക്കുന്ന നടപടികൾ നടന്നുവരുന്നു.

| | |
|---|---|
| (സി) ഭൂമി ഏറ്റെടുക്കുന്നതിന് രൂപീകരിച്ച ഉന്നതതല കമ്മിറ്റിയുടെ പ്രവർത്തനം മരവിപ്പിച്ചിട്ടുണ്ടോ; | (സി) മരവിപ്പിച്ചിട്ടില്ല. |
| (ഡി) വയനാട്ടിൽ ഹാരിസൺ കൈവശം വച്ചിരിക്കുന്ന ഭൂമി ഒഴിപ്പിക്കുന്നതിനുപകരം മിച്ചഭൂമിയിൽ കുടിൽകെട്ടി താമസിപ്പിക്കുന്നവരെ ഒഴിപ്പിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; സർക്കാർ ഹാരിസൺ കമ്പനിയ്ക്ക് ഒത്താശ ചെയ്യുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ഹാരിസൺസ് മലയാളം ലിമിറ്റഡ് ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)7290/13 നമ്പർ കേസിലെ ബഹു.ഹൈക്കോടതി ഉത്തരവുമായി ബന്ധപ്പെട്ടാണ് ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചത് . ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സർക്കാർ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയ്ക്ക് ഒത്താശ ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

E.K.V. Kumar
സെക്ഷൻ ഓഫീസർ